"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - ഇൻഫർമേഷൻ കേരള മിഷന് 2025-26 സാമ്പത്തിക വർഷം Strengthening of local governance through Information Communication Technology എന്ന സ്കീമിൽ "2515-00-001-85-99 Information Kerala Mission PV " എന്ന ശീർഷകത്തിൽ മൂന്ന് കോടി രൂപ - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഇ ജി) വകുപ്പ്

സ.ഉ.(സാധാ) നം.1199/2025/LSGD തീയതി,തിരുവനന്തപുരം, 15-05-2025

---

പരാമർശം:- 1. ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21-04-2025 തീയതിയിലെ 208-P2-2024-IKM നമ്പർ കത്ത് .

2. ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 29-04-2025 തീയതിയിലെ 208-P2-2024-IKM നമ്പർ കുറിപ്പ് .

**<u>ഉത്തരവ്</u>**

ഇൻഫർമേഷൻ കേരള മിഷന് 2025-26 സാമ്പത്തിക വർഷത്തിൽ 9 കോടി രൂപ സംസ്ഥാന ബജറ്റ് വിഹിതമായി അനുവദിച്ചിരുന്നു. IKM കടുത്ത സാമ്പത്തിക പ്രതിസന്ധി യിലൂടെ കടന്നുപോവുകയാണെന്നും 2025-26 സാമ്പത്തിക വർഷത്തിൽ ഐ.കെ.എമ്മിന് ബജറ്റ് വിഹിതമായി അനുവദിച്ച 9 കോടി രൂപ അടിയന്തിരമായി അനുവദിക്കുന്നതിന് ഭരണാനുമതിയും, മുഴുവൻ തുകയും ഒരുമിച്ച് അനുവദിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കണമെന്നും മുഴുവൻ തുകയും ഒരുമിച്ച് അനുവദിക്കാൻ സാങ്കേതിക തടസ്സമുണ്ടെങ്കിൽ ആദ്യ ഗഡു ആയി 4 കോടി രൂപയെങ്കിലും അടിയന്തിരമായി അനുവദിക്കാൻ നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (1) (2) എന്നിവ പ്രകാരം ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഫർമേഷൻ കേരള മിഷന് 2025-26 സാമ്പത്തിക വർഷം Strengthening of local governance through Information Communication Technology എന്ന സ്കീമിൽ "2515-00-001-85-99 Information Kerala Mission PV " എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതമായ 9 കോടി രൂപയിൽ നിന്ന്, നിലവിലെ അടിയന്തിര സാഹചര്യം പരിഗണിച്ച 3 കോടി രൂപ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പുനീത് കുമാർ ഐ എ എസ
അഡീഷണൽ ചീഫ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരളമിഷൻ തിരുവനന്തപുരം
ട്രഷറി ഡയറക്ടർ. തിരുവനന്തപുരം
ട്രഷറി ഓാഫീസർ, സബ് ട്രഷറി , വെള്ളയമ്പലം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (U.O No. WCD-3/125/2025 തീയതി 14.5.25)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (LSGD-EG1/70/2025/LSGD)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 16-05-2025 12:14:41
സെക്ഷൻ ഓഫീസർ

പകർപ്പുകൾ
തദ്ദേശ സ്വയം ഭരണ ,എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്കു്.
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എ യ്ക്കു്.